പരിപൂർണ്ണമായി തുടച്ചു നീക്കാനുമുള്ള ഒരു നടപടി എന്നുള്ള നിലയിൽ കൂടുതൽ ചർച്ച ചെയ്യാനും അതിനകത്ത് പ്രാക്ടിക്കബിളം ഡിഫിക്കൽട്ടീസുണ്ടെങ്കിൽ തീർച്ചയായും ഗവൺമെൻറ് പരിശോധിക്കാനും ശ്രമിക്കുമെന്ന് അറിയിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. കെ.കെ. ശ്രീനിവാസൻ: സർ, ഗവൺമെൻറിൽനിന്ന് പുറപ്പെടുവിച്ച ജി.ഒ. അനുസരിച്ചുള്ള ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. ട്രെയിഡുകളെപ്പറ്റി ഞാൻ വായിച്ചു. നിലവിലുണ്ടായിരുന്ന ട്രെയിഡ്സിൽനിന്നും ജി. ഒ. അനുസരിച്ച് അത് റിവൈസ് ചെയ്യേണ്ട ആവശ്യമെന്താണ് ഉണ്ടായിരുന്നത്? അതിനുള്ള കാരണമെന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: ഈ റേറിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. പി.ഡബ്ലിയു.ഡി. റേറിൽനിന്നും വ്യത്യാസപ്പെടുത്തിയ റേറുണ്ടായിട്ടില്ല. അതേ റേറു തന്നെയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർക്ക് ഈ കാര്യത്തിൽ വിശദമായ അഭിപ്രായം ഉണ്ടെങ്കിൽ ആ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട് പ്രായോഗികമായി വർക്ക് നടത്താനുള്ള തീരുമാനം ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

III. സബ്മീഷൻ

(1) തിരുമാറാടി പഞ്ചായത്തിൽ കൊടുങ്കാറ്റുമൂലമുണ്ടായ നാശനഷ്ടങ്ങൾ.

ശ്രീ. ബെന്നി ബഹനാൻ: സർ, കഴിഞ്ഞ മേയ് മാസത്തിൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തിരുമാറാടി പഞ്ചായത്തിൽ കൊടുങ്കാറ്റ് ആഞ്ഞടിച്ചതുമൂലം ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വന്ന് അവിടത്തെ കർഷകർ ബുദ്ധിമുട്ടുകയാണ്. അവിടത്തെ കൃഷിക്കാരുടെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയായ റബ്ബറും അതുപോലെ നിരവധി തെങ്ങുകളും ഈ കൊടുങ്കാറ്റിൽപ്പെട്ട് നശിച്ചുപോയിട്ടുണ്ട്. നഷ്ടപരിഹാരം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കളക്ടറേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും സമീപിച്ചപ്പോൾ അതിന്റെ നഷ്ടപരിഹാരത്തുക എത്രയാണെന്നു തിട്ടപ്പെടുത്തിയതല്ലാതെ ഇന്നുവരെ അതിനുവേണ്ടിയിട്ടുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണറിയാൻ കഴിഞ്ഞത്. സാധാരണ പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ നഷ്ടപരിഹാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതുപോലെ ഇതിനും കാലതാമസം ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് എത്രയും വേഗം ലക്ഷക്കണക്കിന് രൂപയുടെ നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനം്യൂവകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, കഴിഞ്ഞ മേയ് മാസത്തിൽ ഈ പ്രദേശത്തുണ്ടായ കൊടുങ്കാറ്റുമൂലം 15 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിനെപ്പറ്റിയുള്ള കണക്കുകൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നുമാണ് മുഖ്യമായും ഈ കണക്കുകൾ തിട്ടപ്പെടുത്തേണ്ടത്. റിവോൾവിംഗ് ഫണ്ടിൽനിന്നും നഷ്ടപരിഹാരം കൊടുക്കാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ അത് ഏറ്റവും വേഗം കൃഷിക്കാർക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly